# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2769 — 18.08.2017ൽ മറുപടിയ്ക്ക്

### ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ | ഭിന്നശേഷിക്കാരും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുമായ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; | എ, ബി & സി | മാനസിക വെല്ലുവിളികൾ നേരിടുന്ന 100 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 33 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട് 09.02.2016-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 01.01.2016 മുതൽ 30.04.2016 വരെയുള്ള കാലയളവിൽ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ മന്ത്രിസഭാ ഉപസമിതി പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ സ്പെഷ്യൽ റൂൾസ്, സാമ്പത്തിക ബാധ്യത തുടങ്ങിയ വിഷയങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| ബി | എങ്കിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകുന്നത്; | | |
| സി | ഇത്തരം സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച് മുൻ സർക്കാരിന്റെ തീരുമാനം നടപ്പിലാക്കുന്നതിന് ഇത്ര കാലതാമസം ഉണ്ടായതിനുള്ള കാരണം വ്യക്തമാക്കാമോ?. | | |

സെക്ഷൻ ഓഫീസർ